**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ പുരോഗതിയും കർഷകരുടെ അഭിവൃദ്ധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ പുരോഗതിക്കും കർഷകരുടെ അഭിവൃദ്ധിക്കുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാർഷിക മേഖലയുടെ പുരോഗതിക്കും കർഷകരുടെ അഭിവൃദ്ധിക്കുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിലും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറുടെ നേതൃത്വത്തിലും വിലയിരുത്തൽ നടത്താറുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്പെയ്സ് സംവിധാനം വഴി എല്ലാ മാസവും പദ്ധതികളുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങൾ സർക്കാർ തലത്തിലും വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയും കുറവുകളും ആവശ്യങ്ങളും വിലയിരുത്തുന്നതിനായി കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ബ്ലോക്ക് അടിസ്ഥാനത്തിൽ കൃഷിദർശൻ എന്ന പരിപാടി ഓരോ ജില്ലകളിലുമായി നടത്തിവരുന്നു. പ്രസ്തുത പരിപാടിയിൽ കൃഷി അദാലത്തുകൾ, കർഷകരുടെ കൃഷിയിട സന്ദർശനം എന്നിവ കൃഷി മന്ത്രിയുടെയും കൃഷി ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയും പദ്ധതികളുടെ വിലയിരുത്തൽ നടത്താറുണ്ട്. |
| (ബി) | നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് സഹായസഹകരണങ്ങൾ നൽകുന്നതിനുമായി സംഘടിപ്പിച്ചിട്ടുള്ള കമോഡിറ്റി ബോർഡുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം നടപ്പിലാക്കുന്നതോടുകൂടി കാർഷിക മേഖല അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന | (ബി) | നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് സഹായസഹകരണങ്ങൾ നൽകുന്നതിനുമായി സംഘടിപ്പിച്ചിട്ടുള്ള കമോഡിറ്റി ബോർഡുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനം എടുത്തുതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. കമ്മോഡിറ്റി ബോർഡുകൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലാണ് |

| | | | |
|---|---|---|---|
| | പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | പ്രവർത്തിക്കുന്നത്. അതിനാൽ ഇവ പിൻവലിക്കുന്നത് സംബന്ധിച്ച് ഒന്നും തന്നെ കൃഷി വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ